**അടിയന്തിരം**

**നം. 8185/ജി1/2015/ഡിഎച്ച്.**

**ഹോമിയോപ്പതി ഡയറക്ടറാഫീസ്,**
**തിരുവനന്തപുരം. 30.09.2015.**

## സർക്കുലർ

വിഷയം:- ഹോമിയോപ്പതി വകുപ്പ്-ശബരിമല മണ്ഡലപൂജ-/മകരവിളക്ക് മഹോത്സവം 2015-16 ജീവനക്കാരുടെ ലിസ്റ്റ് അയച്ചുതരുന്നത് സംബന്ധിച്ച്.

2015-16 വർഷത്തെ ശബരിമല മണ്ഡലപൂജ, മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് സന്നിധാനം, പമ്പ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന താൽക്കാലിക ഹോമിയോ ഡിസ്പെൻസറികളിൽ സ്പെഷ്യൽ ഡ്യൂട്ടി ചെയ്യുന്നതിന് താൽപ്പര്യമുള്ള മെഡിക്കലാഫീസർ, ഫാർമസിസ്റ്റ്, അറ്റൻഡർ/ഡിസ്പെൻസർ/നേഴ്സിംഗ് അസിസ്റ്റന്റ്, ക്ലാസ് ഫോർ എന്നീ വിഭാഗത്തിലെ ജീവനക്കാരുടെ അപേക്ഷ, സമ്മതപത്രം (ഫോട്ടോ ഒഴികെ) എന്നിവ സഹിതം ക്രോഡീകരിച്ച സ്റ്റേറ്റ്മെന്റ് ജില്ലാ മെഡിക്കലാഫീസർമാർ 2015 ഒക്ടോബർ 31 ന് മുമ്പായി ഈ കാര്യാലയത്തിലേയ്ക്ക് അയച്ചു തരേണ്ടതാണ്.

സ്പെഷ്യൽ ഡ്യൂട്ടി സമയം 10 ദിവസമായിരിക്കും. മേൽപ്പറഞ്ഞ ജീവനക്കാരുടെ എണ്ണത്തിൽ കുറവുവന്നാൽ ഈ ആഫീസിൽ നിന്നും നേരിട്ട് ജീവനക്കാരെ നിയമിക്കുന്നതും , ജീവനക്കാർ നിർബന്ധമായും ഉത്തരവ് പാലിക്കേണ്ടതുമാണ്. ജില്ലാ മെഡിക്കലാഫീസർമാർ ഈ സർക്കുലർ യഥാസമയം ജീവനക്കാരെ അറിയിക്കേണ്ടതും അപേക്ഷയും മറ്റും കൃത്യസമയത്ത് തന്നെ ഈ ആഫീസിൽ എത്തിച്ചുതരേണ്ടതുമാണ്. സർക്കാരിന്റെ പ്രത്യേക നിർദ്ദേശം ഉള്ളതിനാൽ ഈ ഉത്തരവ് നിരാകരിക്കുന്നവർ അതുവഴിയുണ്ടാകുന്ന ഭവിഷ്യത്തുകൾക്ക് ഉത്തരവാദികളായിരിക്കും എന്ന വിവരം കൂടി അറിയിക്കുന്നു.

Jamuna

**ഡോ.കെ.ജമുന**
**ഡയറക്ടർ**

എല്ലാ ജില്ലാ മെഡിക്കലാഫീസർമാർക്കും.(ഇ-മെയിൽ)
വെബ്സൈറ്റ്/
സിഎ റ്റു ഡിഎച്ച്/ഡിഡി/എ.ഒ/എ.എ./സൂപ്രണ്ട് ഇഎ/
ഇബി/അക്കൗണ്ട്സ്/ജനറൽ/പ്ലാനിംഗ്/ജി1/എ3/
എസ്എഫ്/ഒ.സി.

റ്റി.എസ്